# ലിവിംഗ് റൂമുകൾ

## മഹിളാചന്ദ്രിക ,ജൂലൈ , 2015

വീടിൻറെ മറ്റൊരു പ്രധാന ആകർഷണ കേന്ദ്രമാണ് ലിവിംഗ് റൂമുകൾ. വളരെ ആകർഷകമായാണ് ഇന്ന് ഒട്ടുമിക്ക വീടുകളിലും ഈ സ്വീകരണ മുറികൾ ഒരുക്കിക്കൊണ്ടിരിക്കുന്നത്. നമ്മെ സന്ദർശിക്കുന്ന അതിഥികളെ വീടിനുള്ളിലേക്ക് സ്വീകരിച്ചിരുത്തുന്ന, അവരുമായി സംവദിക്കുന്ന, ഹൃദ്യമായി ആശയവിനിമയം ചെയ്യുന്ന എല്ലാഴ്പ്പോഴും വൃത്തിയോടെ പരിചരിക്കപ്പെടുന്ന ഇടമാണിത്. വീടിനെക്കുറിച്ചും വീട്ടുകാരെക്കുറിച്ചും വ്യക്തമായ അഭിപ്രായങ്ങൾ രൂപീകരിക്കപ്പെടുന്നതും ഈ ലിവിങ്ങ് റൂമുകളിൽ നിന്ന് തന്നെ. കുടുംബ പരമായ നിർണ്ണായ തീരുമാനങ്ങളൊക്കെ നിശ്ചയിക്കപ്പെടുന്ന വീടിൻറെ ഔദ്യോഗികഭാഗം കൂടിയാണിത്. അത്കൊണ്ട് തന്നെ നമ്മുടെ സ്നേഹവീടിനു സ്വീകരണ മുറികൾ തയ്യാറാക്കുമ്പോൾ വളരെയധികം ശ്രദ്ധ നൽകേണ്ടതുണ്ട്.

വീടിൻറെ ഡിസൈൻ ശൈലിക്കനുസരിച്ചും നമ്മുടെ ആവശ്യങ്ങൾക്കുമനുസരിച്ചും വളരെ ആകർഷകമായാണ് ലിവിങ്ങ് റൂമുകൾ രൂപപ്പെടുത്തേണ്ടത്. ആരോഗ്യപരമായ നല്ലൊരന്തരീക്ഷം ലഭ്യമാവാൻ ആവശ്യത്തിനു കാറ്റും വെളിച്ചവും കിട്ടുന്ന രീതിയിലാണ് ഇവ അറേഞ്ചു ചെയ്യേണ്ടത്. ഇതിനായി ഡബിൾ ഹൈറ്റിൽ ലിവിങ്ങ് റൂം ചെയ്തു വെളിച്ചത്തിനായി സീൻ ബിലോ സ്പേസ് നൽകുന്ന പതിവും കാണാറുണ്ട്. പ്രകൃതിയുടെ പൊസിറ്റീവ് എനർജി ലഭ്യമാവാൻ ലിവിങ്ങിൻറെ ഒരു ഭാഗം കിഴക്കിനെ അഭിമുഖീകരിക്കുന്നതും ഉത്തമമാണ്. ആവശ്യങ്ങൾക്കും അറേഞ്ചു ചെയ്യാൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾക്കുമനുസരിച്ചാണ് ലിവിങ്ങ് റൂമിൻറെ വലിപ്പം നിശ്ചയിക്കേണ്ടത്. ആറു പേർക്കിരിക്കാവുന്ന ഒരു ശരാശരി ലിവിങ്ങ് റൂമിനു ഏകദേശം 160 സ്ക.ഫീറ്റ് വലിപ്പം മതിയാവും. കൂടാതെ, LCD യൂണിറ്റ്, ടീപോയി, ന്യൂസ് പേപ്പർ സ്റ്റോറജ് ഏരിയ, ലൈബ്രറി ഏരിയ, അക്വേറിയം എന്നിവയൊക്കെയാണ് സാധാരണ ഈ ഫോർമൽ ലിവിങ്ങിൽ ഒരുക്കുന്ന സൗകര്യങ്ങൾ. സാധാരണ വീടിനുപയോഗിക്കുന്ന മെറ്റീരിയൽസ് തന്നെയാണ് ഇവിടെയും ഉപയോഗിക്കേണ്ടത്. ഫ്ലോറിൽ അനുയോജ്യമായ ഡിസൈനിൽ ഫ്ലോർ മാറ്റുകളും വിരിക്കാവുന്നതാണ്. ലിവിങ്ങ് റൂമിൽ ഹൈലൈറ്റ് ചെയ്യേണ്ട ഭാഗങ്ങളിൽ ക്ലാഡിങ് സ്റ്റോണുകൾ, വുഡ് പാനലുകൾ,ഗ്ലാസ് ക്ലാഡിങ്ങുകൾ തുടങ്ങിയ മെറ്റീരിയലുകൾ കൊണ്ട് അലങ്കരിക്കാവുന്നതാണ്. ഡിസൈനിങ് കോണ്സപ്റ്റിനു അനുസരിച്ച് ആകർഷകമായി തന്നെയാണ് ഫ്ലോറിങ്, സീലിങ്ങ്, മറ്റു ആർട്ട് വർക്കുകളും ചെയ്യേണ്ടത്.

താരതമ്യേന വലിയ വീടുകളാണെങ്കിൽ ഫോർമൽ ലിവിങ്ങ് റൂമിനോട് ചേർന്ന് ഒരു ഫാമിലി ലിവിങ്ങും നൽകാറുണ്ട്. വീടിനുള്ളിലെ അംഗങ്ങൾ തമ്മിലെ ഊഷ്മളത വർദ്ധിക്കാനും, ഒരുമിച്ചിരുന്നു സമയം ചിലവഴിക്കാനും ഏറ്റവും അടുത്ത ബന്ധുക്കളെ സ്വീകരിക്കാനും ഏറ്റവും അനുയോജ്യമായ ഇടമാണ് ഫാമിലി ലിവിങ്ങ്. കാറ്റും വെളിച്ചവും ആവശ്യത്തിനു ലഭിക്കുന്ന ദിശയിലാണ് ഫാമിലി ലിവിങ്ങും അറേഞ്ചു ചെയ്യേണ്ടത്. ആളുകൾക്കും ആവശ്യങ്ങൾക്കുമനുസരിച്ചു തന്നെയാണ് ഇവിടെയും വലിപ്പം നിശ്ചയിക്കേണ്ടത്. ഫാമിലി ലിവിങ്ങിനോട് ചേർന്ന് പുറത്തേക്ക് ഇറങ്ങിനിൽക്കാനും, പോസിറ്റീവായ ഒരു ഉണർവ്വ് നൽകാനും, പ്രകൃതിയെ ആസ്വദിച്ചു കുടുംബാംഗങ്ങൾക്ക് ഒരുമിച്ചിരിക്കാനും പാകത്തിൽ ഒരു പാഷ്യോ നൽകുന്നതും നല്ലതാണ്. എപ്പോഴും ഇടപെടലുകളുള്ളത് കൊണ്ട് ലൈഫുള്ള നല്ല മെറ്റീരിയൽസ് ആണ് ഇവിടെ ഉപയോഗിക്കേണ്ടത്. മറ്റുള്ള ഭാഗങ്ങളെ അപേക്ഷിച്ച് ജലാംശം കേറാൻ സാധ്യതയുള്ള പാഷ്യോയിൽ റസ്റ്റിക്ക് ഫിനിഷിലുള്ള ഫ്ലോറിങ് ആണ് ഉചിതം. കൂടാതെ ചാരിയിരിക്കുന്ന ഭാഗങ്ങളിൽ മുടിയിലെ എണ്ണക്കൊഴുപ്പോ മറ്റു അഴുക്കുകളോ

പിടിക്കാതിരിക്കാൻ ആ ഭാഗങ്ങളിൽ സ്റ്റോണ് ക്ലാഡിങ്ങോ വുഡൻ പാനലിങ്ങോ നൽകാവുന്നതാണ്.

സാധാരണ രീതിയിൽ താഴെ നിലയിലെ സ്റ്റെയർകെയ്സ് നമ്മെ നയിക്കുന്നത് മറ്റൊരു ലിവിങ്ങ് റൂമിലേക്കാണ്(UPPER LIVING). മുകൾ നിലയിൽ കോമണ് ലിവിങ്ങ് ഏരിയ നൽകുമ്പോഴും പ്രത്യേകം ശ്രദ്ധ നൽകേണ്ടതുണ്ട്. അനുയോജ്യമായ ഒരു സീറ്റിങ്ങ് സ്പേസും LCD യൂനിറ്റും ആവശ്യത്തിനനുസരിച്ച് ഇവിടെ നൽകാം. ബാൽക്കണി, ഓപ്പണ് ടെറസ്സ് എന്നിവിടങ്ങളിലേക്കുള്ള പ്രവേശനവും നൽകേണ്ടത് ഇവിടെ നിന്ന് തന്നെ. കാറ്റും വെളിച്ചവും ആവശ്യത്തിനു കിട്ടുന്ന രീതിയിലാണ് ഇവ ഡിസൈൻ ചെയ്യേണ്ടത്. ചില മോഡേണ് വീടുകളിൽ അപ്പർ ലിവിങ്ങിൽ നിന്നും ഒരു ഹോം തിയേറ്റർ സൗകര്യവും ഒരുക്കാറുണ്ട്. മുകൾ നിലയിൽ നിന്നും സൗകര്യപ്രദമായ രീതിയിൽ താഴെ കോമണ് ഏരിയകളിലേക്ക് കാണുവാനും അവിടേക്ക് ആവശ്യത്തിനു വെളിച്ചം ലഭിക്കാനും ലിവിങ്ങ് റൂമിൽ നിന്നും ഒരു സീൻ ബിലോ(SEEN BELOW) അനുയോജ്യമായ രീതിയിൽ നൽകാവുന്നതാണ്.

ഫസ്റ്റ് ഫ്ലോറിലെ കോമണ് ഏരിയകളിൽ ഉൾപ്പെടുത്താവുന്ന മറ്റൊന്നാണ് ഒരു ഹെൽത്ത് ക്ലബ് എന്നത്. ഓപ്പണ് ടെറസ്സ് ആണ് ഇതിനനുയോജ്യം. ഒരു ലളിതമായ ജിംനേഷ്യത്തിനു പുറമേ, വീട്ടിലെ അംഗങ്ങൽക്കൊക്കെ ഒരുമിച്ചിരിന്ന് രസിക്കാനും ചെറിയ പ്രോഗ്രാമുകൾ നടത്താനും, തയ്യൽ പണികൾക്കും അനുയോജ്യമായി നമ്മുടെ ടെറസ്സിനെ ക്രമീകരിക്കുന്നതും നല്ലതാണ്. റസ്റ്റിക് ഫിനിഷിലുള്ള ഫ്ലോറിങ് മെറ്റീരിയലാണ് ഇവിടെ അഭികാമ്യം. ആവശ്യത്തിനനുസരിച്ചു താൽക്കാലികമായ വാൾ പാർട്ടീഷനുകളോ, റൂഫോ ഇവിടെ നൽകാം. കൂടാതെ, റൂഫ് ഗാർഡനുകളും ഇവിടങ്ങളിൽ നല്കി വരാറുണ്ട്.